**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **11-10-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ അനുമതിക്കായി ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ അനുമതിക്കായി ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയർ വഴി സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയ്ക്ക് അപേക്ഷ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മനസ്സിലാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ഐ.ബി.പി.എം.സ്. സോഫ്റ്റ് വെയർ മുഖേന അപേക്ഷ സമർപ്പിക്കുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയുടെ വിവരം, തദ്ദേശസ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുമ്പോഴുള്ള ഫയൽ നമ്പർ, സൈറ്റ് പരിശോധനയ്ക്കുള്ള ദിവസം, ഫീസ് അടയ്ക്കുമ്പോഴുള്ള ചലാൻ, അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരം, തദ്ദേശസ്ഥാപനം നൽകുന്ന കെട്ടിട നിർമ്മാണാനുമതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇ-മെയിൽ/ എസ്.എം.എസ് മുഖേന ലഭിക്കുന്നതാണ്. |
| (ബി) | ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ പോകാതെ തന്നെ ഉടമയ്ക്ക് കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ വഴി ലഭിക്കുമോ എന്നത് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ; | (ബി) | ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ പോകാതെ തന്നെ ഐ.ബി.പി.എം.സ്.-ന്റെ ഔദ്യോഗിക വെബ് സൈറ്റായ https://ibpms.kerala.gov.in-ന്റെ ഹോം പേജിൽ 'സിറ്റിസൺ സെർച്ച്' എന്ന ടാബിൽ ഫയൽ നമ്പർ നൽകി കെട്ടിട ഉടമയ്ക്ക് അപ്രൂവ്ഡ് ഡ്രോയിംഗ് – ഉം പെർമിറ്റ് ലെറ്ററും കാണാനും ഡൗൺലോഡ് ചെയ്യാനും സാധിക്കുന്നതാണ്. |
| (സി) | സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അപേക്ഷയും ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയറും എങ്ങനെയാണ് ബന്ധിപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അപേക്ഷയും ഐ.ബി.പി.എം.സ്. സോഫ്റ്റ്‌വെയറും ബന്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ